**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 261** **08-08-2023 - ൽ മറുപടിയ്ക്ക്**

**നഴ്സിങ് കോളേജുകളിലെ സീറ്റ്, ബെഡ്സ് അനുപാതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സർക്കാർ, സ്വകാര്യ മേഖലകളിൽ നഴ്സിങ് കോളേജുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ; | (എ) | സർക്കാർ ഉത്തരവ് (അച്ചടി) നം. 64/2012/ആ.കു.വ തീയതി 17.02.2012 പ്രകാരം കേരള സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ കൂടാതെ ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ (ഐ.എൻ.സി), കേരള നഴ്സസ് ആൻഡ് മിഡ്വൈവ്സ് കൗൺസിൽ, കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല (കെ.യു.എച്ച്.എസ്) എന്നിവയുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ് സംസ്ഥാനത്ത് നഴ്സിംഗ് കോളേജുകൾ അനുവദിക്കുന്നത്. |
| (ബി) | നഴ്സിങ് കോളേജുകൾ അനുവദിക്കുന്നതിന് സീറ്റുകളുടെ എണ്ണവും അനുബന്ധ ആശുപത്രികളിലെ ബെഡ്സുകളുടെ എണ്ണവും തമ്മിലുള്ള അനുപാതം എത്രയെന്ന് അറിയിക്കാമോ; | (ബി) | വിദ്യാർത്ഥി-രോഗി അനുപാതം 1 : 3 പാലിച്ച് മാതൃ ആശുപത്രിയിലെ കിടക്കകളുടെ എണ്ണം കണക്കിലെടുത്താണ് സീറ്റുകളുടെ എണ്ണം നിശ്ചയിക്കുന്നത്. |
| (സി) | ദേശീയ തലത്തിൽ അനുശാസിക്കുന്ന അനുപാതം എത്രയാണ്; സംസ്ഥാനത്തെ അനുപാതവുമായി പ്രസ്തുത അനുപാതവുമായി വ്യത്യാസം വന്നത് എങ്ങനെയെന്ന് അറിയിക്കാമോ; | (സി) | ദേശീയതലത്തിൽ അനുശാസിക്കുന്ന വിദ്യാർത്ഥി-രോഗി അനുപാതം 1 : 3 ആണ്. സംസ്ഥാന അനുപാതവുമായി വ്യത്യാസം ഇല്ല. |
| (ഡി) | സംസ്ഥാനത്തെ കുട്ടികൾ നഴ്സിങ് പഠനത്തിന് മറ്റ് സംസ്ഥാനങ്ങളെ കൂടുതലായി ആശ്രയിക്കുന്നത് ഒഴിവാക്കാൻ നഴ്സിങ് സീറ്റുകളുടെ എണ്ണവും ബെഡ്സ് കപ്പാസിറ്റിയും തമ്മിലുള്ള അനുപാതം ദേശീയ അനുപാതത്തിന് തുല്യമാക്കാൻ നടപടി സ്വീകരിക്കാമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ